പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 100 05.03.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ്

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.
ശ്രീ. സി.മമ്മൂട്ടി
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്
ശ്രീ. കെ.എം.ഷാജി

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം വികസന പദ്ധതികൾക്കാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുള്ളത്; | (എ) | 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്റ്റിനായി എറണാകുളം ജില്ലയിലും , ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനായി തിരുവനന്തപുരം ജില്ലയിലും, ഗെയിൽ എസ്.വി സ്റ്റേഷൻ നിർമ്മാണത്തിനായി മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന് നിയമ പ്രാബല്യം നൽകിയിട്ടുണ്ടോ; | (ബി) | 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിയമ പ്രാബല്യം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ഇളവ് നൽകുമ്പോൾ ജലസംരക്ഷണത്തിന് എന്തെങ്കിലും വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) | പരിവർത്തനത്തിന് അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികരിക്കുന്ന പക്ഷം, അപ്രകാരമുള്ള ഭൂമിയുടെ 10% ജലസംരക്ഷണ നടപടികൾക്കായി മാറ്റി വയ്ക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ